(സി, ഡി, ഇ, എഫ്) മിന്നൽ പരിശോധനയിൽ സംശയം ജനിച്ച സാഹചര്യത്തിൽ മുഴുവൻ കൈത്തറി സഹകരണ സംഘങ്ങളിലും സർവ്വേ നടത്താൻ ഗവൺമെൻറ് നടപടി എടുത്തിട്ടുണ്ട്. സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. അതു പൂർത്തിയായാൻ മാത്രമേ എത്ര തറികൾ ഉണ്ടെന്നും എത്ര തറികളിൽ വെട്ടിപ്പ് നടന്നിട്ടുണ്ടെന്നും കൃത്യമായി അറിയാനും എന്തു നടപടി ഈ സഹകരണ സംഘങ്ങളുടെ മേൽ എടുക്കണമെന്ന് തീരുമാനിക്കാനും സാധിക്കുകയുള്ളു.

(ജി) വ്യക്തമായ തെളിവ് ലഭിക്കുകയാണെങ്കിൽ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി എടുക്കുന്നതാണ്.

വിദേശത്ത് ജോലിനോക്കുന്ന കേരളീയർക്കായി ഒരു ഹൗസിംഗ് സ്കീം

*72 [77] ശ്രീ. കെ. കെ. ശ്രീനിവാസൻ:
,, മണിമംഗലത്ത് കുട്ട്യാലി :
,, തോപ്പിൽ രവി:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലിനോക്കുന്ന കേരളീയർക്കായി ഒരു ഹൗസിംഗ് സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) അതിൻെറ വിശദ വിവരം എന്തെന്ന് പറയുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) ഇത് ഒരു സ്വയംസഹായ പദ്ധതിയായിട്ടാണ് സംസ്ഥാനത്തിനകത്തും പുറത്തുമായി നിർമ്മാണ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. വിദേശങ്ങളിൽ പണിയെടുക്കുന്ന മലയാളികളുടെ സാന്ദ്രത താരതമ്യേന കൂടുതലായുള്ള പത്ത് കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. 40 ചതുരശ്രമീറ്റർ മുതൽ 200 ചതുരശ്ര മീറ്റർവരെ തറ വിസ്തീർണ്ണമുള്ള വൈവിദ്ധ്യമാർന്ന ഫ്ളാറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്. അലോട്ട്മെൻറ് നൽകിയാൽ 45 ദിവസത്തിനുള്ളിൽ ആകെ ചെലവിൻെറ 25 ശതമാനം മുൻകൂറായി ബോർഡിൽ അടയ്ക്കണം. ബാക്കിതുക ആവശ്യപ്പെടുന്ന മുറയ്ക്ക് മുപ്പത് ദിവസത്തെ നോട്ടീസിൻ പ്രകാരം തവണകളായി അടച്ചു തീർക്കേണ്ടതാണ്. സെയിൽ പ്ലോട്ടുകൾ മാത്രം മതിയെന്നുള്ളവർ അലോട്ട്മെൻറ് കിട്ടി നാൽപ്പത്തഞ്ച് ദിവസത്തിനുള്ളിൽ പ്ലോട്ടിൻെറ മുഴുവൻ തുകയും ഒന്നായി അടയ്ക്കണം.

കെ. എസ്. ആർ. ടി. സി. യുടെ വരുമാനം

*73 [78] ശ്രീ. എ. കെ. പത്മനാഭൻ:
,, സി. വാസുദേവ മേനോൻ:
,, കെ. പുരുഷോത്തമൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ് ഒരു കിലോമീറ്റർ ഓടുമ്പോൾ കിട്ടുന്ന ശരാശരി വരുമാനം എത്ര; ചെലവെത്ര;

LIBRARY ARCHIVES Kerala Legislative Assembly